പൗരാവകാശരേഖ 2025

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്

ISO 9001 : 2015 CERTIFIED

ആശംസകൾ



ബഹുമാന്യരെ,

രാജ്യത്തെ സർക്കാർ സംവിധാനം ജനോപകാര പ്രദമാക്കുന്നതിനു വേണ്ടിയുള്ള നിയമ പോരാട്ടങ്ങളുടെ പരിണിത ഫലത്തിന്റെ ആദ്യപടിയാണ് പൗരാവകാശരേഖ.

സർക്കാർ സംവിധാനങ്ങളിലുള്ള കുറവുകൾ പരിഹരിക്കുന്നതോടൊപ്പം ഫലപ്രദമായ രീതിയിൽ ജനങ്ങൾക്ക് അനുഭവ ഭേദ്യമാകുകയും ഇതിലൂടെ ചെയ്യുന്നു. സർക്കാർ സംവിധാനത്തേയും പൗരമേന്മയും കൂട്ടിയിണക്കിക്കൊണ്ട് ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിനു പൊതുജനങ്ങളോടുള്ള കടമ നിറവേറ്റുകയുമാണ് ഇതിലൂടെ ചെയ്യപ്പെടുന്നത്.

ഒരു പൗരൻ എന്ന നിലയിൽ സർക്കാരിൽ നിന്നും ലഭ്യമാകേണ്ട സേവനങ്ങളെ കുറിച്ചുള്ള അറിവ് ലഭ്യമാക്കുകയും സർക്കാരിന്റെ സേവനം ഉപഭോക്താക്കളായ പൗരന്മാർക്കു ഉന്നത നിലവാരത്തിലുള്ള സേവനം ലഭിക്കുന്നതിനുള്ള അവകാശങ്ങളുമുണ്ട്.

നമ്മുടെ സർക്കാർ സേവനങ്ങൾ, സ്ഥാപനങ്ങൾ, കഴിവ്, ഊർജ്ജസ്വലത, ശ്രദ്ധ പ്രതിബദ്ധത ഇവയുടെ ഒക്കെ ഒരു സ്രോതസ്സ് ആയിരിക്കണം പൗരാവകാശ രേഖ. അതുകൊണ്ട് ഇത്തരം ഗുണങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് പൗരന്മാരിൽ വിശ്വാസവും ഉദ്യോഗസ്ഥർക്ക് അഭിമാനവും ഉണ്ടാകുന്ന തരത്തിൽ സേവനം ലഭ്യമാക്കുകയാണ് പൗരാവകാശ രേഖയുടെ ലക്ഷ്യം.

ജനസേവനം ലക്ഷ്യം വെച്ചുകൊണ്ട് പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ പൗരാവകാശരേഖ പൊതുജനങ്ങൾക്കായി സമർപ്പിക്കുന്നു.

ലക്ഷ്മി വിശ്വംഭരൻ

പ്രസിഡണ്ട്

പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത്

പൗരാവകാശ രേഖ

ആമുഖം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുഭരണം സുതാര്യമാക്കുന്നതിനും പൗരന്മാർക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാകും എന്നുറപ്പുവരുത്തുന്നതിനും വേണ്ടി കേരള പഞ്ചായത്ത് രാജ് നിയമത്തിലും കേരള മുനിസിപ്പാലിറ്റീസ് ആക്ടിലും വ്യവസ്ഥ ചെയ്തിട്ടുള്ള രണ്ട് സുപ്രധാന വകുപ്പുകളാണ് അറിയാനുള്ള അവകാശവും പൗരാവകാശ രേഖയും.

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 എ പ്രകാരം ഒരു പൗരൻ ഉത്തമ വിശ്വാസത്തോടെ ആവശ്യപ്പെടുന്ന ഏതൊരു വിവരവും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ലഭിക്കുവാൻ അവകാശമുണ്ട്. അതുപോലെ പഞ്ചായത്ത് രാജ് വകുപ്പ് 272 എ പ്രകാരം ഒരു പൗരവകാശ രേഖ പ്രസിദ്ധീകരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു.

പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് ലഭ്യമാക്കാം എന്ന് സ്വമേധയോ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയപരിധിയും വിവരിച്ചുകൊണ്ട് ഭരണസമിതി അംഗീകരിച്ചു പ്രസിദ്ധീകരിക്കുന്ന പത്രികയാണ് പൗരാവകാശരേഖ.

സേവനങ്ങൾ എന്നാൽ ഒരു പൗരന്റെ ജീവിതസൗകര്യം മെച്ചപ്പെടുത്തുന്നതിന് അയാൾക്ക് സൗജന്യമായോ ന്യായമായ ഫീസ് ഈടാക്കിയോ ചെയ്തുകൊടുക്കുന്ന സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സഹായങ്ങളും ഏതെങ്കിലും കാര്യത്തിനായുള്ള അനുവാദമോ ലൈസൻസോ സർട്ടിഫിക്കറ്റോ നൽകലും ഉൾപ്പെടുന്നു.

പഞ്ചായത്ത് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ, അവ ലഭ്യമാക്കുന്നതിന് എടുക്കുന്ന സമയം എത്ര, സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാം, ഇവ ലഘൂകരിക്കുന്നത് എങ്ങനെ തുടങ്ങിയ കാര്യങ്ങൾ, ഉദ്യോഗസ്ഥരുടെ ലഭ്യത ഫണ്ടിന്റെ പര്യാപ്തത എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പൗരാവകാശ രേഖയിൽ ഉൾപ്പെടുത്തുന്ന സേവനങ്ങൾ, അതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണം എന്തൊക്കെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും സേവനങ്ങൾ ലഭ്യമാക്കുക എത്ര സമയത്തിനുള്ളിൽ ലഭ്യമാകും എന്നീ കാര്യങ്ങളും വ്യക്തമാക്കിയിരിക്കണം. സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിയമങ്ങൾ നടപടിക്രമങ്ങൾ അതിനുവരുന്ന ചെലവ്

ആരാണ് ഉത്തരവാദിത്തപ്പെട്ടവർ അവർ ഈ നിലവാരങ്ങൾ പാലിക്കുന്നുണ്ടോ ഇല്ലയോ എന്ന് വ്യക്തമായിരിക്കണം.

വിവിധ തലങ്ങളിലുള്ള എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളും അവരുടെ നിലവാരം നിശ്ചയിക്കുകയും നടപ്പിലാക്കുകയും വേണം. കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ ജില്ലാ ഭരണകൂടം മുനിസിപ്പാലിറ്റികൾ പഞ്ചായത്തുകൾ എന്നിവയും ജനങ്ങൾക്ക് പലതലത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളും ഇതിൽപെടും ഉപഭോക്താക്കളുമായി ചർച്ചചെയ്ത് അവരുടെ സൗകര്യത്തിനനുസരിച്ച് സേവനങ്ങൾ ലഭിക്കാവുന്ന സമയപരിധി നിശ്ചയിക്കപ്പെടണം ഇത് ഏവർക്കും കാണാൻ കഴിയും വിധം പ്രസിദ്ധപ്പെടുത്തുകയും പ്രദർശിപ്പിക്കുകയും വേണം പ്രാദേശിക ഭാഷയിൽ നൽകാനുള്ള സംവിധാനവും ഉണ്ടായിരിക്കണം. ഇങ്ങനെ പ്രദർശിപ്പിക്കപ്പെടുന്ന വിവരങ്ങൾ ആത്മാർത്ഥതയോടെ പിന്തുടരുന്നു എന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്വവും ബാധ്യതയും ഉണ്ടായിരിക്കണം. ഒരിക്കൽ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾ ഇടയ്ക്കിടെ വിലയിരുത്തി മെച്ചപ്പെടുത്തണം. നടപടിക്രമങ്ങൾ കൂടുതൽ ലളിതമാക്കുകയും വേണം.

സാധുവായ വിശദീകരണമോ ന്യായമോ ഇല്ലാതെ സേവന മാനദണ്ഡം പാലിക്കാതിരിക്കുകയാണെങ്കിൽ പരാതി പരിഹാരത്തിന് കൃത്യമായ നടപടിക്രമങ്ങൾ ഉണ്ടായിരിക്കണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ എളുപ്പത്തിൽ കാണുന്നതിന് കഴിയണം. പരാതികൾക്ക് മറുപടി ലഭിക്കുന്നതിന് സമയബന്ധതയും ഉണ്ടായിരിക്കണം. വിവരങ്ങൾ ആവശ്യമുള്ളപ്പോൾ എളുപ്പത്തിലും സുതാര്യവും ആയി ലഭിക്കണം. ഇന്ന വിവരത്തിന് ഇന്നയാളെ സമീപിക്കണമെന്ന് വ്യക്തമായിരിക്കണം കഴിയാവുന്നതും കൗണ്ടറിൽ നിന്നും കൗണ്ടറിലേക്ക് ഉപഭോക്താക്കളെ തള്ളിവിടാതെ ഒരു ഏകജാലക സംവിധാനം ഉണ്ടാകുന്നത് നല്ലതാണ്.

ഓരോന്നും നടപ്പിൽ വരുത്തുമ്പോൾ ആവശ്യമായ നിലവാരങ്ങളും നടപടിക്രമങ്ങളും ബന്ധപ്പെട്ട അധികാരികൾ വ്യക്തമായി കാണിച്ചിരിക്കണം. നടത്തിപ്പിന് പ്രയാസം നേരിടുമ്പോഴോ പരാതികൾ പരിഹരിക്കണമെങ്കിലോ ആരെ സമീപിക്കണമെന്ന് വ്യക്തമായ നിർദ്ദേശം ഉണ്ടായിരിക്കണം.

ഓരോ വിഭാഗത്തിനും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ആരെന്ന് വെളിപ്പെടുത്തുകയും ഓരോരുത്തരും പേരെഴുതി ബ്രാഡ്ജുകൾ ധരിക്കുകയും വേണം പരാതി പരിഹരിക്കുന്നതിന് താമസം നേരിടുമ്പോൾ സമീപിക്കേണ്ട ഉദ്യോഗസ്ഥരുടെ പേര് ഉദ്യോഗപേര് കാണാൻ കഴിയുന്ന സമയം ഇവയും

കൃത്യമായി പ്രസിദ്ധീകരിക്കണം എല്ലാറ്റിനും ഉപരി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും പെരുമാറ്റത്തിൽ മാതൃക പുലർത്തുകയും ജനങ്ങളുടെ ആവശ്യങ്ങൾക്ക് പരിഗണന നൽകുകയും വേണം ഇത്തരം വ്യക്തമായ സേവന നിലവാരങ്ങളുടെ സംഹിത അടങ്ങുന്ന പൗരാവകാശ രേഖ ഗവൺമെന്റിന്റെ എല്ലാ തലങ്ങളിലുമുള്ള സ്ഥാപനങ്ങൾക്ക് ഉണ്ടാക്കാവുന്നതും വിതരണം ചെയ്യാവുന്നതുമാണ്.

പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ

പൗരാവകാശരേഖ പഞ്ചായത്തിന്റെ ഭരണസമിതി അംഗീകരിച്ചു കഴിഞ്ഞാൽ അതു പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുകയും വേണം പൗരാവകാശ രേഖയുടെ രത്ന ചുരുക്കം ഒരു ബോർഡിൽ പെയിന്റ് കൊണ്ട് എഴുതി പഞ്ചായത്ത് ഓഫീസിൽ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കണം പൊതുജനങ്ങളുടെ അറിവിലേക്കായി ഓഫീസ് നോട്ടീസ് ബോർഡിലും പൊതു നോട്ടീസ് ബോർഡിലും പ്രദർശിപ്പിക്കണം ഇത് അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്യണം കോപ്പി ആവശ്യപ്പെടുന്നവർക്ക് ലഭ്യമാക്കാൻ തദ്ദേശഭരണ സ്ഥാപനം നടപടി എടുക്കണം.

അപേക്ഷകൾ

പൗരാവകാശ രേഖയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു സേവനം ലഭ്യമാക്കുന്നതിന് ആവശ്യക്കാരൻ നിശ്ചയിക്കപ്പെട്ട ഫോറത്തിൽ സെക്രട്ടറിക്ക് അല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് അപേക്ഷ സമർപ്പിക്കണം അപേക്ഷ ഫോറം സൗജന്യമായും യഥാർത്ഥ വില ഈടാക്കിയോ പഞ്ചായത്തിൽ ലഭ്യമാക്കണം ഫോറം വിതരണം ചെയ്യുവാനും അന്വേഷണങ്ങൾക്ക് മറുപടി നൽകാനും ഓഫീസിൽ ഒരു കൗണ്ടർ സംവിധാനം ഏർപ്പെടുത്തണം കിട്ടുന്ന അപേക്ഷകൾ നമ്പറിട്ട് രജിസ്റ്ററിൽ ചേർത്ത് കൈപ്പറ്റ രസീത് നൽകണം. 'കെ സ്മാർട്ട്' എന്ന സർക്കാരിന്റെ പുതിയ സംവിധാനത്തിലൂടെ ഒരു പൗരന് വീട്ടിൽ ഇരുന്നുകൊണ്ട് തന്നെ അപേക്ഷ സമർപ്പിക്കുവാനും ആവശ്യമായ സർട്ടിഫിക്കറ്റുകളും മറ്റു സേവനങ്ങളും ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

സേവനം ലഭ്യമാക്കാനുള്ള ബാധ്യത

പൗരാവകാശരേഖയിൽ പരാമർശിച്ചിട്ടുള്ള ഒരു സേവനം പറഞ്ഞിട്ടുള്ള സമയപരിധിക്കകം അർഹമായ അപേക്ഷകന് ലഭ്യമാക്കാൻ ഭരണസമിതിയും സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ബാധ്യസ്ഥർ ആയിരിക്കും വീഴ്ച വരുത്തുന്നത് വാഗ്ദാന ലംഘനമാണ്. ഒരു സേവനം ന്യായമായ കാരണങ്ങളാൽ

ലഭ്യമാക്കാൻ കഴിയുന്നില്ലെങ്കിൽ പ്രസ്തുത വിവരം അപേക്ഷകന് ഉദ്ദേശിക്കപ്പെട്ട സമയപരിധിക്കകം അറിയിക്കണം.

പൗരാവകാശരേഖ പുതുക്കൽ

മുൻവർഷത്തെ അനുഭവങ്ങളെ അടിസ്ഥാനമാക്കി വർഷത്തിലൊരിക്കൽ ഭരണസമിതി ചർച്ച ചെയ്ത പൗരാവകാശ രേഖയിൽ ഉചിതമായ മാറ്റം വരുത്തി കാലാനുസൃതമാക്കാം.

പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത്

അടിസ്ഥാന വിവരങ്ങൾ

ജില്ല	:	തൃശ്ശൂർ
താലൂക്ക്	:	തൃശ്ശൂർ
ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥാനം	:	പുറനാട്ടുകര
നിയമസഭാ മണ്ഡലം	:	വടക്കാഞ്ചേരി
ലോകസഭാ മണ്ഡലം	:	ആലത്തൂർ
ഗ്രാമപഞ്ചായത്തുകളുടെ എണ്ണം	:	6
ആകെ ജനസംഖ്യ	:	156008
സ്ത്രീ	:	80395
പുരുഷൻ	:	75613
പട്ടികജാതി സംഖ്യ	:	16619
വിസ്തീർണ്ണം	:	116.97 ചതുരശ്ര കിലോമീറ്റർ

അതിരുകൾ

വടക്ക് : വടക്കാഞ്ചേരി, ചൊവ്വന്നൂർ ബ്ലോക്ക്

കിഴക്ക് : ഒല്ലൂക്കര ബ്ലോക്ക് , തൃശൂർ കോർപ്പറേഷനും

തെക്ക് : അന്തിക്കാട് ബ്ലോക്ക്, തൃശൂർ കോർപ്പറേഷൻ

പടിഞ്ഞാറ് : മുല്ലശ്ശേരി അന്തിക്കാട് ബ്ലോക്ക്

പുഴയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഗ്രാമപഞ്ചായത്തുകൾ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേര്	വിസ്തീർണ്ണം ച.കി.മീ.	ജനസംഖ്യ സ്ത്രീ	ജനസംഖ്യ പുരുഷൻ	ആകെ	പട്ടിക ജാതി ജനസംഖ്യ	ആകെ വാർഡുകളുടെ എണ്ണം
1	അടാട്ട്	23.22	16601	15372	31973	3879	18
2	അവണൂർ	18.25	11450	11032	22482	3161	15
3	കൈപ്പറമ്പ്	20.48	16096	15203	31299	2634	18
4	കോലഴി	21.22	16170	15397	31567	2336	17
5	മുളങ്കുന്നത്തു കാവ്	17.20	10391	9865	20256	190	14
6	തോളൂർ	16.6	9687	8744	18431	2705	13
	ആകെ	**116.97**	**80395**	**75613**	**156008**	**16619**	**95**

പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ 2020-2025

ക്ര.നം	പേര്	ചെയർമാൻ /അംഗം	ഡിവിഷൻ	ഫോൺ നം
1	ലക്ഷ്മി വിശ്വംഭരൻ	പ്രസിഡണ്ട്	കോലഴി -09	9446828758
2	ശ്രീഷ്മ അഭിലാഷ്	വൈസ് പ്രസിഡണ്ട്	അടാട്ട്-13	9567726882
3	അനിത	വികസനകാര്യ	മുതുവറ -11	9746907020

	സുരേഷ്ബാബു	സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ		
4	സജിത സുധീർ	ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	പുറനാട്ടുക്കര -12	9562830501
5	എൻ.വി. സന്തോഷ്	ആരോഗ്യ വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	ചൂലിശ്ശേരി -05	9048022272
6	മെജോ ജെയിംസ്	അംഗം	എടകളത്തൂർ -01	9544845789
7	എൻ.കെ.രാജു	അംഗം	കൈപ്പറമ്പ് -02	9446764119
8	എ.റ്റി.ജോസ്	അംഗം	പേരാമംഗലം -03	9446228796
9	ബിന്ദു.സോമൻ	അംഗം	അവണൂർ - 04	9656620300
10	ഹരിദാസ്.എം	അംഗം	മുളങ്കുന്നത്തുകാവ് -06	7561894156
11	അഡ്വ.ബിജു വർഗ്ഗീസ്	അംഗം	പൂമല - 07	9447224010
12	നീതു കണ്ണൻ	അംഗം	കുന്നത്തുപീടിക - 08	9048058156
13	രജനി ചന്ദ്രൻ	അംഗം	കുറ്റൂർ 10	8301918727
14	സി.ടി.ജെയിംസ് മാസ്റ്റർ	അംഗം	പറപ്പൂർ 14	9495025818

ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്മാർ 2025-30

ക്രമ. നം	പേര്	സ്ഥാനം	പഞ്ചായത്ത്	ഫോൺ നം

1	അനിൽ അക്കര	പ്രസിഡണ്ട്	അടാട്ട്	9387103701 9387103703
2	മിനി ഹരിദാസ്	പ്രസിഡണ്ട്	അവണൂർ	8281041224
3	പ്രമീള സുബ്രഹ്മണ്യൻ	പ്രസിഡണ്ട്	കൈപ്പറമ്പ്	9539558548
4	അഡ്വ.സിന്ധു അജയ്കുമാർ	പ്രസിഡണ്ട്	മുളങ്കുന്നത്തുകാവ്	9496046082
5	എൻ.എ.സാബു	പ്രസിഡണ്ട്	കോലഴി	9745243164
6	ശ്രീകല കുഞ്ഞുണ്ണി	പ്രസിഡണ്ട്	തോളൂർ	9847056287

പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ വിവരങ്ങൾ

തദ്ദേശസ്ഥാപനത്തിന്റെ പേര്	പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത്
ആകെ അംഗങ്ങളുടെ എണ്ണം	14
വനിതാ അംഗങ്ങളുടെ എണ്ണം	8
പ്രസിഡണ്ട്	ലക്ഷ്മി വിശ്വംഭരൻ വിഭാഗം: ജനറൽ
വൈസ് പ്രസിഡണ്ട്	ശ്രീഷ്മ അഭിലാഷ് വിഭാഗം: വനിത

സ്റ്റാൻഡിങ് കമ്മിറ്റികൾ

ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി

നം	പേര്	ഔദ്യോഗിക പദവി	മേൽവിലാസം	വാർഡ്	മൊബൈൽ നമ്പർ
1	ശ്രീഷ്മ അഭിലാഷ്	ചെയർപേഴ്സൺ	തട്ടാരപ്പിള്ളി 102 അമ്പലംകാവ് ,അടാട്ട് തൃശൂർ 680551	അടാട്ട് -13	9567726882
2	രജനി ചന്ദ്രൻ	അംഗം	ചീനിക്കൽ 354 വലിയപറമ്പ്, കുറ്റൂർ, തൃശൂർ-680552	കുറ്റൂർ 10	8301918727

3	ബിന്ദു.സോമൻ	അംഗം	ചൗരിയാലിൽ - 101 തങ്ങാലൂർ, തൃശൂർ-680596	അവണൂർ - 04	9656620300
4	സി.ടി.ജെയിംസ് മാസ്റ്റർ	അംഗം	ചിറ്റിലപ്പിള്ളി 1638 പറപ്പൂർ തൃശൂർ- 680552	പറപ്പൂർ 14	9495025818

വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി

നം	പേര്	മേൽവിലാസം	ഔദ്യോഗിക പദവി	വാർഡ്	മൊബൈൽ നമ്പർ
1	അനിത സുരേഷ്ബാബു	പുന്നത്തൂർ ഹൗസ് ,142 അമല നഗർ തൃശൂർ - 680555	ചെയർപേഴ്സൺ	മുതുവറ -11	9746907020
2	അഡ്വ.ബിജു വർഗ്ഗീസ്	നീലങ്കാവിൽ ,211 തിരൂർ,മുളംകുന്നത്തുകാവ് തൃശൂർ -680581	മെമ്പർ	പൂമല - 07	9447224010
3	ഹരിദാസ്.എം	ചങ്ങരത്ത് ,126 ശങ്കരപുരം , മുളംകുന്നത്തുകാവ് തൃശൂർ-680581	മെമ്പർ	മുളങ്കുന്നത്തുകാവ് -06	7561894156

ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി

നം	പേര്	മേൽവിലാസം	ഔദ്യോഗിക പദവി	വാർഡ്	മൊബൈൽ നമ്പർ
1	സജിത സുധീർ	മൂക്കോനി 604 പുറനാട്ടുക്കര തൃശൂർ - 680551	ചെയർപേഴ്സൺ	പുറനാട്ടുക്കര -12	9562830501
2	മെജോ ജെയിംസ്	മുരിങ്ങാത്തേരി-58 പോന്നോർ , പി.ഒ.പോന്നോർ തൃശൂർ -680552	അംഗം	എടകളത്തൂർ -01	9544845789
3	എൻ.കെ.രാജു	നെല്ലിപ്പറമ്പിൽ - 472 പുറ്റേക്കര , അഞ്ഞൂർ , മുണ്ടൂർ - 680541	അംഗം	കൈപ്പറമ്പ് -02	9446764119

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി

നം	പേര്	മേൽവിലാസം	ഔദ്യോഗിക പദവി	വാർഡ്	മൊബൈൽ നമ്പർ
1	എൻ.വി. സന്തോഷ്	നാരായണത്ര ,455 കൊളങ്ങാട്ടുകര , ചൂലിശ്ശേരി തൃശൂർ - 680541	ചെയർമാൻ	ചൂലിശ്ശേരി -05	9048022272
2	നീതു കണ്ണൻ	പുലിക്കുന്നത്ത് ,437 പോട്ടോർ, പോട്ടോർ തൃശൂർ - 680581	അംഗം	കുന്നത്തുപീടിക - 08	9048058156
3	എ.റ്റി.ജോസ്	അന്തിക്കാട്ട്, 490 പുറ്റേക്കര,അഞ്ഞൂർ മുണ്ടൂർ തൃശൂർ-680541	അംഗം	പേരാമംഗലം -03	9446228796

പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് വാർഡുകളും അവയിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് വാർഡുകളും

ക്രമ നമ്പർ	ബ്ലോക്ക് ഡിവിഷന്റെ നമ്പറും പേരും		ഓരോ ബ്ലോക്ക് ഡിവിഷനും കീഴിലുള്ള ഗ്രാമപഞ്ചായത്തിന്റെ പേര്, വാർഡ് നമ്പർ, വാർഡിന്റെ പേര്		
	നമ്പർ	പേര്	ഗ്രാമ പഞ്ചായത്ത്	വാർഡ് നം	വാർഡിന്റെ പേര്
1	2	3	4	5	6
1	1	എടക്കളത്തൂർ	കൈപ്പറമ്പ്	19	മുതുവന്നൂർ
2				20	പുത്തൂർ
3			തോളൂർ	1	എടക്കളത്തൂർ വടക്കുമുറി
4				2	എടക്കളത്തൂർ സെന്റർ
5				3	പോന്നോർ
6				4	പോന്നോർ സെന്റർ
7				6	പോന്നോർ തെക്കുമുറി
8				15	എടക്കളത്തൂർ തെക്കുമുറി
9	2	കൈപ്പറമ്പ്	കൈപ്പറമ്പ്	1	കൈപ്പറമ്പ്
10				2	കൈപ്പറമ്പ് കിഴക്ക്
11				3	കൊളന്നൂർ
12				4	പുറ്റേക്കര
13				5	മുണ്ടൂർ

14				6	ശങ്കരംകം
15				17	ആപറമ്പ്
16				18	ആരാരിക്കുളം
17	3	പേരാമംഗലം	കൈപ്പറമ്പ്	7	മുട്ടൂർ സെന്റർ
18				9	മനപ്പടി
19				10	പേരാമംഗലം വടക്ക്
20				11	പേരാമംഗലം സെന്റർ
21				14	പേരാമംഗലം പടിഞ്ഞാറ്
22				15	പെരുങ്ങന്നൂർ
23				16	പഴുമുക്ക്
24	4	അവണൂർ	അവണൂർ	1	തങ്ങാലൂർ
25				2	എടക്കുളം
26				3	വെളപ്പായ
27				4	മെഡിക്കൽ കോളേജ്
28				13	അംബേദ്കർ ഗ്രാമം
29				15	അവണൂർ
30				16	കാരോർ
31			കൈപ്പറമ്പ്	8	മൈലാംകുളം
32	5	ചൂലിശ്ശേരി	അവണൂർ	5	വെളപ്പായ സൗത്ത്
33				6	മണിഞ്ഞറ
34				7	ചൂലിശ്ശേരി
35				9	കോളങ്ങാട്ടുകര
36				10	കോളങ്ങാട്ടുകര ഈസ്റ്റ്
37				11	വരടിയം ഈസ്റ്റ്
38				12	വരടിയം സൗത്ത്
39				14	വരടിയം നോർത്ത്
40	6	മുളങ്കുന്നത്തുകാവ്	മുളങ്കുന്നത്തുകാവ്	1	ചിറക്കുന്ന്
41				2	ഉദയനഗർ
42				3	ഗ്രാമല
43				11	അമ്മാംകുഴി
44				13	കില
45				14	മുളങ്കുന്നത്തുകാവ്
46				15	കോഴിക്കുന്ന്
47				16	ആക്കോടിക്കാവ്
48	7	പൂമല	മുളങ്കുന്നത്തുകാവ്	4	അരങ്ങഴിക്കുളം
49				5	പൂമല
50				6	ചോറ്റുപാറ
51				7	മലവായ് വടക്കേചിറ
52				8	പൂളാക്കൽ
53				9	അത്തേക്കാട് ആലുംകുന്ന്
54				10	തിരൂർ
55				12	കല്ലേപ്പടി
56	8	കുന്നത്തുപീടിക	അവണൂർ	8	നാരായണത്ര
57			കോലഴി	1	കുന്നത്തുപീടിക
58				2	ആട്ടോർ നോർത്ത്
59				3	ആട്ടോർ ഈസ്റ്റ്
60				4	പോട്ടോർ നോർത്ത്

61				5	തിരൂർ വെസ്റ്റ്
62				6	തിരൂർ സെന്റർ
63	9	കോലഴി	കോലഴി	7	പുത്തൻമാംകുന്ന്
64				8	അത്തേക്കാട്
65				9	കോലഴി നോർത്ത്
66				10	കോലഴി സെന്റർ
67				11	പൂവണി
68				12	കോലഴി വെസ്റ്റ്
69				13	പോട്ടോർ സൗത്ത്
70	10	കുറ്റൂർ	കോലഴി	14	വലിയപറമ്പ്
71				15	പാമ്പൂർ
72				16	കുറ്റൂർ ഈസ്റ്റ്
73				17	കുറ്റൂർ സൗത്ത്
74				18	കുറ്റൂർ വെസ്റ്റ്
75				19	ആട്ടോർ
76				20	കൊട്ടേക്കാട്
77	11	മുതുവറ	കൈപ്പറമ്പ്	12	പേരാമംഗലം തെക്ക്
78				13	പേരാമംഗലം കിഴക്ക്
79			അടാട്ട്	6	ചൂരക്കാട്ടുകര
80				7	രാമഞ്ചിറ
81				8	മുതുവറ
82				9	ആമ്പക്കാട്
83				10	പുത്തിശ്ശേരി
84				11	വിലങ്ങൻ
85	12	പുറനാട്ടുകര	അടാട്ട്	12	പുറനാട്ടുകര
86				13	പാരിക്കാട്
87				14	വിളക്കുംകാൽ
88				15	സംസ്കൃതം കോളേജ്
89				16	മാനിടം
90				17	ഉടലക്കാവ്
91				18	കുന്നുംപുറം
92	13	അടാട്ട്	അടാട്ട്	1	ചിറ്റിലപ്പിള്ളി പടിഞ്ഞാട്ടുമുറി
93				2	ചിറ്റിലപ്പിള്ളി കിഴക്കുമുറി
94				3	കണ്ണിക്കുളം
95				4	ചിറ്റിലപ്പിള്ളി ഗ്രൗ
96				5	മുല്ലപ്പൂന്തടം
97				19	ആമ്പലക്കാവ്
98				20	അടാട്ട്
99			തോളൂർ	9	മുള്ളൂർ
100	14	പറപ്പൂർ	തോളൂർ	5	തോളൂർ സബ് സ്റ്റേഷൻ
101				7	ഷാരിയേക്കൽ
102				8	കിഴക്കേ അങ്ങാടി
103				10	കോലത്താട്
104				11	ചാലയ്ക്കൽ
105				12	നാഗത്താൻകാവ്
106				13	പറപ്പൂർ സെന്റർ
107				14	തോളൂർ

പുഴക്കൽ ബ്ലോക്ക് പ്രദേശത്തെ ഗ്രാമപഞ്ചായത്തുകളും അവ ഉൾപ്പെടുന്ന വില്ലേജുകളും കാണിക്കുന്ന വാർഡുകളും

ഗ്രാമപഞ്ചായത്തിന്റെ പേര്	വില്ലേജിന്റെ പേര്	വില്ലേജുകളും വാർഡുകളും	
അടാട്ട്	ചിറ്റിലപ്പിള്ളി	1	ചിറ്റിലപ്പിള്ളി പടിഞ്ഞാട്ടുമുറി
		2	ചിറ്റിലപ്പിള്ളി കിഴക്കുമുറി
		3	ചിറ്റിലപ്പിള്ളി ഗ്രൗണ്ട്
		4	കണ്ണിക്കുളം
	പുഴയ്ക്കൽ	6	ചൂരക്കാട്ടുകര
		7	രാമൻചിറ
		8	മുതുവറ
		9	ആമ്പക്കാട്
		10	പുത്തിശ്ശേരി
	പുറനാട്ടുകര	11	വിലങ്ങൻ
		12	പുറനാട്ടുകര
		13	പരിക്കാട്
		14	വിളക്കുംകാൽ
		15	സംസ്കൃതം കോളേജ്
	അടാട്ട്	17	ഉടലക്കാവ്
		18	കുന്നുംപുറം
		19	അമ്പലംക്കാവ്
		20	അടാട്ട്
	ചിറ്റിലപ്പിള്ളി, പുഴയ്ക്കൽ	5	മുല്ലപ്പൂന്തടം
	പുറനാട്ടുകര, അടാട്ട്	16	മാനിടം
അവണൂർ	തങ്ങാലൂർ	1	തങ്ങാലൂർ
		2	എടക്കുളം

		16	കാരോർ
	വെളുപ്പായ	4	മെഡിക്കൽ കോളേജ്
		5	വെളുപ്പായ സൗത്ത്
	ചൂലിശ്ശേരി	7	ചൂലിശ്ശേരി
		8	നാരായണത്തറ
		9	കോളങ്ങാട്ടുകര
		10	കോളങ്ങാട്ടുകര ഈസ്റ്റ്
	അവണൂർ	11	വരടിയം ഈസ്റ്റ്
		12	വരടിയം സൗത്ത്
		13	അംബേദ്കർ ഗ്രാമം
		14	വരടിയം നോർത്ത്
		15	അവണൂർ
		16	കാരോർ
	തങ്ങാലൂർ, വെളുപ്പായ	3	ഏടക്കുളം
	തങ്ങാലൂർ, വെളുപ്പായ, അവണൂർ	6	മണിത്തറ
കൈപ്പറമ്പ്	പേരാമംഗലം	8	മൈലാംകുളം
		9	മനപ്പടി
		10	പേരാമംഗലം വടക്ക്
		11	പേരാമംഗലം സെന്റർ
		12	പേരാമംഗലം തെക്ക്
		13	പേരാമംഗലം കിഴക്ക്
		14	പേരാമംഗലം പടിഞ്ഞാറ്
		15	പെരിങ്ങന്നൂർ
	അഞ്ഞൂർ	4	പുറ്റേക്കര

		5	മുണ്ടൂർ
		16	പഴമുക്ക്
		17	ആണ്ടപ്പറമ്പ്
കൈപ്പറമ്പ്	കൈപ്പറമ്പ്, അഞ്ഞൂർ	3	കൊളളന്നൂർ
		18	ആരാരികുളം
	അഞ്ഞൂർ, പേരാമംഗലം	6	ശങ്കരംകണ്ടം
		7	മുണ്ടൂർ സെന്റർ
	കൈപ്പറമ്പ്	1	കൈപ്പറമ്പ്
		2	കൈപ്പറമ്പ് കിഴക്ക്
		19	മുതുവന്നൂർ
		20	പുത്തൂർ
കോലഴി	കോലഴി	7	പുത്തൻമഠംക്കുന്നു
		8	അത്തേക്കാട്
		9	കോലഴി നോർത്ത്
		10	കോലഴി സെന്റർ
		11	പൂവണി
	പോട്ടോർ,കോലഴി	5	തിരൂർ വെസ്റ്റ്
		6	തിരൂർ സെന്റർ
		12	കോലഴി വെസ്റ്റ്
	പോട്ടോർ, കുറ്റൂർ	1	കുന്നത്ത് പീടിക
		2	ആട്ടോർ നോർത്ത്
		3	ആട്ടോർ ഈസ്റ്റ്
	പോട്ടോർ	4	പോട്ടോർ നോർത്ത്
		13	പോട്ടോർ സൗത്ത്

	കുറ്റൂർ	14	വലിയപറമ്പ്
		15	പാമ്പൂർ
		16	കുറ്റൂർ ഈസ്റ്റ്
		17	കുറ്റൂർ സൗത്ത്
		18	കുറ്റൂർ വെസ്റ്റ്
		19	ആട്ടോർ
		20	കൊട്ടേക്കാട്
മുളങ്കുന്നത്തുകാവ്	കിള്ളന്നൂർ	1	ചിറക്കന്ന്
		2	ഉദയ നഗർ
		3	ഗ്രാമല
		4	അരങ്ങഴിക്കുളം
		5	പൂമല
		6	ചോറ്റുപാറ
		7	മലവായ് വടക്കേച്ചിറ
		8	പൂളാക്കൽ
		9	അത്തേക്കാട് ആലുംകുന്ന്
		10	തിരൂർ
		11	അമ്മാംകുഴി
		12	കല്ല്യെപടി
		13	കില
		14	മുളങ്കുന്നത്തുകാവ്
		15	കോഴിക്കുന്ന്

		16	അക്കോടിക്കാവ്
തോളൂർ	എടക്കളത്തൂർ	1	എടക്കളത്തൂർ വടക്കുമുറി
		2	എടക്കളത്തൂർ സെന്റർ
		3	പോന്നോർ
		4	പോന്നോർ സെന്റർ
		5	തോളൂർ സബ് സ്റ്റേഷൻ
		6	പോന്നോർ തെക്കുമുറി
		15	എടക്കളത്തൂർ തെക്കുമുറി
	തോളൂർ	7	ഷാരിയേക്കൽ
		8	കിഴക്കേ അങ്ങാടി
		12	നാഗത്താൻകാവ്
		13	പറപ്പൂർ സെന്റർ
		14	തോളൂർ
	ചാലക്കൽ	9	മുള്ളൂർ കോലത്താട്
		10	കോലത്താട്
		11	ചാലക്കൽ

പൊതുസ്ഥിതി വിശേഷം

ചരിത്രം

രാജ്യമെമ്പാടും ബ്ലോക്കുകൾ രൂപം കൊണ്ടപ്പോൾ ആയതിന്റെ ഭാഗമായി 1961-1962 കാലഘട്ടത്തിൽ ഫ്രീ- എക്സ്റ്റൻഷൻ ബ്ലോക്ക് ആയിട്ടാണ് പുഴക്കൽ ബ്ലോക്ക് രൂപീകരിച്ചത്. പൈലറ്റ് ബ്ലോക്ക് ആയി ആരംഭിച്ച സമയത്ത് ഒരു ലക്ഷം രൂപയായിരുന്നു ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾക്ക് ആയി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചത്. ഇങ്ങനെ രൂപംകൊണ്ട ബ്ലോക്കിന്റെ പ്രവർത്തനം പുഴക്കൽ ആസ്ഥാനമായി ശ്രീ. കുന്നത്ത് (തച്ചംപിള്ളി) മാധവ് മേനോന്റെ കെട്ടിടത്തിലാണ് പ്രവർത്തനം ആരംഭിച്ചത്. ശ്രീ. ഷെയ്ക്ക് മൊയ്തീൻ

സാഹിബ് ആയിരുന്നു പ്രഥമ ബി. ഡി. ഒ. പിന്നീട് സറ്റേജ് 1 ബ്ലോക്ക് ആയി ഉയർത്തുകയും ഓഫീസ് മുതുവറയിലും തുടർന്ന് പുറനാട്ടുക്കരയിലും ഉള്ള വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുകയുണ്ടായി. തുടർന്ന് പുറനാട്ടുകരയിൽ നാട്ടുകാരുടെ സഹകരണത്തോടെ ശ്രീ. ആലപ്പാട്ട് ജോസഫ് മാസ്റ്ററിൽ നിന്ന് ഇന്ന് ബ്ലോക്ക് പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന 1.46 ഏക്കർ സ്ഥലം നാമമാത്രമായ വിലയ്ക്ക് വാങ്ങി സ്ഥിരമായ ബ്ലോക്ക് ആസ്ഥാന മന്ദിരം നിർമിക്കുകയും 1968ൽ അന്നത്തെ കേരള മുഖ്യമന്ത്രി ആയിരുന്ന ശ്രീ ഇ. എം ശങ്കരൻ നമ്പൂതിരിപ്പാട് ഉദ്ഘാടനം നിർവഹിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

പ്രധാനമായും ഉദ്യോഗസ്ഥ സംവിധാനത്തിലാണ് അന്നത്തെ ബ്ലോക്ക് പ്രവർത്തിച്ചിരുന്നതെങ്കിലും വികസനം സംബന്ധിച്ച ജനങ്ങളുടെ ആശയങ്ങളും അഭിലാഷങ്ങളും പ്രതിഫലിപ്പിക്കുന്നതിനും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി ബ്ലോക്ക് ഡെവലപ്മെന്റ് കമ്മിറ്റികൾ പ്രവർത്തിച്ചിരുന്നു. കേരളത്തിലെ പ്രമുഖ കർഷക നേതാവായിരുന്ന ശ്രീ എൻ. കെ ദേവസികുട്ടിയായിരുന്നു പ്രഥമ ബി. ഡി. സി ചെയർമാൻ. അഡ്വ. ശ്രീ ഇ. കെ മേനോൻ, ശ്രീ പി. എ മാധവൻ, ശ്രീ എ. പി മാരാർ തുടങ്ങിയ പ്രമുഖരായ നേതാക്കൾ ബി ഡി സി ചെയർമാൻ പദവി വഹിച്ചിട്ടുണ്ട്. ബ്ലോക്കിന്റെ ആരംഭ കാലഘട്ടത്തിൽ 4 വർഷം തുടർച്ചയായി ബി. ഡി. ഒ. ആയിരുന്ന ശ്രീ പറങ്ങോടന്റെ മികച്ച പ്രവർത്തനം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥാനം സ്ഥാപിക്കുന്നത് ഉൾപ്പെടെ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിന് കാരണമായിട്ടുണ്ട്. അടാട്ട്, അരിമ്പൂർ, അവണൂർ, അയ്യന്തോൾ, കൈപ്പറമ്പ്, തോളൂർ എന്നീ പഞ്ചായത്തുകൾ ആണ് പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിരുന്നത്. പിന്നീട് അവണൂർ ഗ്രാമപഞ്ചായത്തിന് ഭരണ സൗകര്യത്തിനായി വിഭജിച്ച് കിള്ളന്നൂർ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുകയുണ്ടായി. ഈ കിള്ളന്നൂർ പഞ്ചായത്താണ് പിന്നീട് മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തായി പുനഃനാമകരണം ചെയ്തത്. 2005 ലെ പുനഃസംഘടനയിൽ അയ്യന്തോൾ ഗ്രാമപഞ്ചായത്തിനെ തൃശൂർ മുൻസിപ്പാലിറ്റിയോട് ചേർത്ത് കോർപ്പറേഷനാക്കി മാറ്റിയതിന് തുടർന്ന് പഞ്ചായത്തുകളുടെ എണ്ണം അഞ്ചായി കുറയുകയുണ്ടായി. 2010-ലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുനഃസംഘടനയിൽ അരിമ്പൂർ ഗ്രാമപഞ്ചായത്തിനെ അന്തിക്കാട് ബ്ലോക്കിലേക്ക് മാറ്റുകയും ഒല്ലൂക്കര ബ്ലോക്കിൽ നിന്ന് കോലഴി ഗ്രാമപഞ്ചായത്തിനെ പുഴയ്ക്കൽ ബ്ലോക്കിനോട് ചേർക്കുകയും ചെയ്തു. അപ്രകാരം 6 ഗ്രാമപഞ്ചായത്തുകളാണ് പുഴയ്ക്കൽ ബ്ലോക്കിൽ ഇന്ന് നിലവിലുള്ളത്.

73-74 ഭരണഘടന ഭേദഗതിയോടെ പഞ്ചായത്ത് രാജ് നഗരപാലികനിയമം രാജ്യത്ത് നിലവിൽ വരികയും, 1994-ൽ കേരളത്തിൽ അധികാര കേന്ദ്രീകരണത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വരികയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 1995 ൽ നടന്ന പ്രഥമ തിരഞ്ഞെടുപ്പിൽ ശ്രീ പി. എ. ശേഖരന്റെ നേതൃത്വത്തിലുള്ള ഭരണസമിതി 1995 ഒക്ടോബർ 1 പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ വരികയും ചെയ്തു. അന്ന് തിരഞ്ഞെടുക്കപ്പെട്ട 10 അംഗങ്ങളും 7 പഞ്ചായത്ത് പ്രസിഡന്റുമാരും ആയിരുന്നു ബ്ലോക്ക് ഭരണസമിതിയിൽ നിലവിലുണ്ടായിരുന്നത്. ഇപ്പോൾ 14 തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും 6 ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാരും അടങ്ങിയ ഭരണസമിതിയാണ് നിലവിലുള്ളത്.

ഭൂപ്രകൃതി പരിസ്ഥിതി സവിശേഷതകൾ

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂപ്രകൃതി പൊതുവെ സമതല പ്രദേശവും സമുദ്രനിരപ്പിൽ നിന്ന് താഴ്ന്ന കോൾനിലങ്ങളും ഉൾപ്പെടുന്നതാണെങ്കിലും സമുദ്രനിരപ്പിൽ നിന്നും 600 അടിയോളം ഉയരമുള്ള മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ കുന്നിൻ പ്രദേശവും ഉൾപ്പെട്ടതാണ്. വൃഷ്ടി പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ബ്ലോക്കിൽ ആകെ 20 ചെറു നീർത്തടങ്ങളാണ് ഉള്ളത്. മുല്ലപ്പൂന്തടം ചാത്തൻകോൾ നീർത്തടത്തിലാണ് ഈ ബ്ലോക്കിന്റെ ആസ്ഥാനം. കോൾ നിലങ്ങളാണ് ഈ ബ്ലോക്കിന്റെ ഏറ്റവും പ്രധാന സവിശേഷത. പുഴയ്ക്കൽ ബ്ലോക്കിലെ അഞ്ച് ഗ്രാമപഞ്ചായത്തുകളിലൂടെ ഒഴുകുന്ന പുഴയ്ക്കൽ പുഴയാണ് ഈ മേഖലയുടെ പ്രധാന ജലസ്രോതസ്സ്. പീച്ചി,വാഴാനി പദ്ധതികളുടെ ജലസേചന കനാലുകൾ മുളങ്കുന്നതുകാവ്, കോലഴി, കൈപ്പറമ്പ് പഞ്ചായത്തുകൾക്ക് ജലസേചനത്തിന് സഹായിക്കുന്നു. കൃഷി അധിഷ്ഠിതമായ സാമ്പത്തിക വ്യവസ്ഥ നിലനിൽക്കുന്ന ഈ ബ്ലോക്കിൽ പൊതുവേ പരിസ്ഥിതി സന്തുലനം നിലനിൽക്കുന്നു എന്ന് പറയാം. അടാട്ട് ഗ്രാമപഞ്ചായത്തിലെ വിലങ്ങൻകുന്ന്, മുളങ്കുന്നത്ത്കാവിലെ മലവായി വട്ടായി എന്നീ പ്രദേശങ്ങളിൽ ഇപ്പോഴും വനം നിലനിൽക്കുന്നു.

തൃശ്ശൂർ ജില്ലയിലെ തൃശൂർ താലൂക്കിൽ തൃശ്ശൂർ കോർപ്പറേഷന്റെ വടക്കു പടിഞ്ഞാറായി പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. അടാട്ട്, അവണൂർ, കൈപ്പറമ്പ്, മുളങ്കുന്നത്തുകാവ്, കോലഴി എന്നീ ആറ് ഗ്രാമപഞ്ചായത്തുകൾ ചേർന്നതാണ് പുഴയ്ക്കൽ ബ്ലോക്ക്. ബ്ലോക്ക് ഓഫീസിന്റെ ആസ്ഥാനം അടാട്ട് ഗ്രാമപഞ്ചായത്തിലെ പുറനാട്ടുകരയിലാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ആകെ വിസ്തൃതി 116.97 ച. കി. ഉം ആകെ ജനസംഖ്യ 156008ഉം ആണ്. ഇതിൽ 80395സ്ത്രീകളും 75613 പുരുഷന്മാരുമാണുള്ളത്. മൊത്തം ജനസംഖ്യയുടെ 10.15 ശതമാനം പട്ടികജാതിക്കാരാണ്. ബ്ലോക്കിൽ 62 അംഗീകൃത പട്ടികജാതി ഉന്നതികൾ ഉണ്ട്. ഇതിൽ 14 ഐ. എച്ച്. ഡി. പി ഉന്നതികളും ഒരു അംബേദ്കർ ഉന്നതിയും ഉൾപ്പെടുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജ്, അമല മെഡിക്കൽ കോളേജ്, ഐ. ഇ. എസ് എൻജിനീയറിങ് കോളേജ്, കേന്ദ്രീയ വിദ്യാലയം എന്നിവ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിനുള്ളിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരിശീലനം നൽകുന്ന കില മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലാണ്. ഗാന്ധിജിയുടെ പാദസ്പർശത്താൽ ധന്യമായ ശ്രീരാമകൃഷ്ണ ഹൈസ്കൂൾ, വിവേകാനന്ദ സ്വാമികൾ സ്ഥാപിച്ച ശ്രീരാമകൃഷ്ണ മഠം, ശാരദമഠം എന്നിവയും പുറനാട്ടുകരയിലുണ്ട്.

നിർവഹണ ഉദ്യോഗസ്ഥർ

ക്രമ. നം	നിർവഹണ ഉദ്യോഗസ്ഥന്റെ പേര്	തസ്തിക	Phone No
1	ലേഖ.വി	ബി. ഡി. ഒ /സെക്രട്ടറി	9446588150
2	ചാന്ദിനി വി. ജി	അസി. എക്സി. എഞ്ചിനീയർ	9446050858
3	പ്രഗിത. വി.കെ	അസി. എഞ്ചിനീയർ	9048259473
4	പ്രതീഷ് വി. എസ്	അസി. ഡയറക്ടർ, കൃഷി	9447505929
5	ശരണ്യ സി. ജി	ശിശുവികസന പദ്ധതി ഓഫീസർ	9526924862
6	സന്ധ്യ	പട്ടികജാതി വികസന ഓഫീസർ	9349502972
7	ജാസ്മിൻ. സി.ജെ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	9961442822
8	ഡോ. ജിത്ത് .യു	സൂപ്രണ്ട്, സി. എച്ച്. ഡി. തോളൂർ (ഇൻ ചാർജ്)	9497042576 0487 2285746
10	ശ്രീജിത്ത് പി ആർ	വ്യവസായ ഓഫീസർ	9188127129
11	ഡോ. ലിൻഡ.കെ.ചെറിയാൻ	സീനിയർ വെറ്റിനറി സർജൻ, മുണ്ടൂർ	8921960121

വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികൾ

വർക്കിംഗ് ഗ്രൂപ്പ്	ചെയർമാൻ/ ചെയർപേഴ്സൺ	വൈസ് ചെയർമാൻ	കൺവീനർ
കൃഷി	അഡ്വ.ബിജു വർഗ്ഗീസ്	സി. കെ. ലോറൻസ്	പ്രതീഷ് വി. എസ്
ദാരിദ്ര്യ ലഘൂകരണം	സി.ടി.ജെയിംസ് മാസ്റ്റർ	എ. ജെ. പോൾ	ലേഖ.വി
സാമൂഹികക്ഷേമം	രജനി ചന്ദ്രൻ	സതീശൻ കെ. ജി	ശരണ്യ സി. ജി
പ്രാദേശിക സാമ്പത്തിക വികസനം	നീതു കണ്ണൻ	ജെസ്സി ലോനപ്പൻ	ശ്രീജിത്ത് പി ആർ

പൊതുമരാമത്ത്, ഊർജ്ജം	ഹരിദാസ്.എം	മുരളീധരൻ ചേലാട്ട്	ചാന്ദിനി ഡി. ജി
സ്ത്രീകളുടെയും കുട്ടികളുടെയും വികസനം	സജിത സുധീർ	ഓമന രവീന്ദ്രൻ	ശരണ്യ സി. ജി
ആരോഗ്യം	എൻ.വി. സന്തോഷ്	വിപിൻ വടേരിയാട്ടിൽ	ഡോ. ജിത്ത് .യു
വിദ്യാഭ്യാസം, കല, കായിക വികസനം, യുവജനക്ഷേമം	മെജോ ജെയിംസ്	എ. സി. ജോണി.	ലേഖ.വി
കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്കരണം	എ.റ്റി.ജോസ്	വി. ഒ. ചുമ്മാർ	ചാന്ദിനി ഡി. ജി.
പട്ടികജാതി വികസനം	ബിന്ദു.സോമൻ	എം. കെ. മോഹനൻ	സിനി ടി. ഡി
പൊതു ഭരണവും ധനകാര്യവും	ശ്രീഷ്മ അഭിലാഷ്	വിജയകുമാർ സി. എൽ	ലേഖ.വി
മൃഗസംരക്ഷണം, ക്ഷീരവികസനം	അനിത സുരേഷ്ബാബു	സിബി തോമസ്	ജാസ്മിൻ. സി.ജെ
ജൈവവൈവിധ്യ മാനേജ്മെന്റ്, പരിസ്ഥിതി സംരക്ഷണം	എൻ.കെ.രാജു	ടി. ആർ. ജയചന്ദ്രൻ	ലേഖ.വി

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ വിവരങ്ങൾ

ക്രമ നം.	പേര്	തസ്തിക	ഫോൺ നം.
1	ലേഖ വി	സെക്രട്ടറി/ബിപിഒ	9446588150
2	മിനി തോമസ്. പി	ജോയിന്റ് ബി.ഡി.ഒ(ഇ.ജി.എസ്)	9895026841
3	ജോളി.വി.കെ	ഹെഡ് ക്ലർക്ക്	9495132526
4	സുജിത്. എ. കെ	ഇ.ഒ.(എച്ച്)	9947390629
5	രാകേഷ് രവീന്ദ്രൻ	ഇ.ഒ. (വനിതാക്ഷേമം)	9495885239
6	ഷീന. എസ്	ജി.ഇ.ഒ	9544429605
7	സാജൻ. വി. ആർ	ഇ.ഒ.(പി&എം)	9446080532
8	ഷീല. കെ. എസ്	ഹെഡ് അക്കൗന്റ്	9633703559
9	സ്മിത. സി .ആർ	സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്	9496170276
10	ജിൽസി ജോസഫ്	സീനിയർ ക്ലർക്ക് (ഡി)	8547097545
11	ജിന്റോ. പി. ജോർജ്ജ്	സീനിയർ ക്ലർക്ക്(ബി)	8848102958
12	അശ്വതി രാധാകൃഷ്ണൻ	ക്ലർക്ക്(എ))	9633633602
13	ബാബു. എം. ജെ	ഡ്രൈവർ	9946972301
14	ജോബിൻ .ജോസ്. വി	ഓഫീസ് അറ്റന്റന്റ് ഗ്രേഡ് 1 (ഹയർ ഗ്രേഡ്)	7736787146
15	സൗമ്യ .വി .ജി	ഓഫീസ് അറ്റന്റന്റ് ഗ്രേഡ് 2	8089290971
16	പുഷ്പാർജ്ജിനി. സി.ആർ,	പാർട്ട് ടൈം സ്വീഫ്പർ	8089983228
17	സിന്ധു. സി എസ്	പാർട്ട് ടൈം സ്വീഫ്പർ	8086673008
18	പ്രീത. ഇ	എ.ഐ.ടി.എ (എം.ജി.എൻ.ആർ.ഇ.ജി.എസ്)	9020628513

19	മഞ്ജുഷ.കെ	അക്രഡിറ്റഡ് എഞ്ചിനീയർ, (എം.ജി.എൻ.ആർ.ഇ.ജി.എസ്)	9605949844
20	ശ്രുതി. എ. കെ	പ്രൊജക്റ്റ് അസിസ്റ്റന്റ്	7356731736
21	കെ ചന്ദ്രശേഖർ	ഡ്രൈവർ (പ്രസിഡ്) ദിവസ വേതനം	9526298997
22	ഷിവിന വിക്ടർ	ആർ.ജി.എസ്.എ. ബ്ലോക്ക് കോ-ഓർഡിനേറ്റർ	7012000640
23	നേഖ .ടി. എസ്	തീമാറ്റിക് എക്സ്പെർട്ട്	8139886515
24	ഹരിപ്രിയ. എസ്	വിജ്ഞാനകേരളം ജോബ് സ്റ്റേഷൻ ഇന്റേൺ	7025846773

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ വിവരങ്ങൾ

ക്രമ.നം	പേര്	തസ്തിക	സർക്കിൾ	ഗ്രാമ പഞ്ചായത്ത്	ഫോൺ നം
1	അജയ് മുരളി ആർ	വി.ഇ.ഒ ഗ്രേഡ് 2	പുഴയ്ക്കൽ	അടാട്ട്	9562503592
2	നിജു ജോസ്.എ	വി.ഇ.ഒ ഗ്രേഡ് 1	ചിറ്റിലഷ്ശിളളി		9400982708
3	റോണി.എം.ഒവ	വി.ഇ.ഒ ഗ്രേഡ് 1	ചൂലിശ്ശേരി	അവണൂർ	9562817860
4			അവണൂർ		
5	മിനി.വി.എൻ	വി.ഇ.ഒ ഗ്രേഡ് 1	കോലഴി	കോലഴി	7736997204
6	ധന്യ എം.എസ്	വി.ഇ.ഒ ഗ്രേഡ് 2	കുറ്റൂർ		8129145366
7	വിദ്യ ജി	വി.ഇ.ഒ ഗ്രേഡ് 1	കൈപ്പറമ്പ്	കൈപ്പറമ്പ്	9744981398
8	ധന്യ ബാലചന്ദ്രൻ	വി.ഇ.ഒ ഗ്രേഡ് 2	പേരാമംഗലം		9526661133
9	രശ്മി.ആർ.നായർ	വി.ഇ.ഒ ഗ്രേഡ് 1	പൂമല	മുളങ്കുന്നത്തുകാവ്	8129132402
10	ദീപക്.പി.ഗോകുൽ	വി.ഇ.ഒ ഗ്രേഡ് 1	കിളളന്നൂർ		8921538374
11	അഞ് ജന. കെ. എ	വി.ഇ.ഒ ഗ്രേഡ് 2	തോളൂർ	തോളൂർ	8129971058
12	അശ്വതി പി	വി.ഇ.ഒ ഗ്രേഡ് 2	എടക്കളത്തൂർ		9562134656

പ്രധാനമന്ത്രി ആവാസ് യോജന (പി എം എ വൈ)

പ്രധാനമന്ത്രി ആവാസ് യോജനയുടെ ലക്ഷ്യം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും സൗജന്യമായി വീടുകൾ ഉണ്ടാക്കി കൊടുക്കുക എന്നതാണ് .ഗുണഭോക്താക്കൾക്ക് സ്വന്തമായി രണ്ടര സെന്റ് ഭൂമിയെങ്കിലും ഉള്ളവരും വാസയോഗ്യമായ വീടില്ലാത്തവരുമായിരിക്കണം.

മുൻഗണനാക്രമം താഴെ കൊടുത്തിരിക്കുന്നു

1. മോചിക്കപ്പെട്ട അടിമത്തൊഴിലാളികൾ
2. അതിക്രമത്തിന് വിധേയരായ പട്ടികജാതി / പട്ടികവർഗ്ഗ കുടുംബങ്ങൾ
3. വിധവകളും അവിവാഹിതകളും കുടുംബനാഥരായിട്ടുള്ള പട്ടികജാതി / പട്ടികവർഗ്ഗ കുടുംബങ്ങൾ
4. പ്രകൃതി ക്ഷോഭങ്ങൾക്കിരയായ പട്ടികജാതി /പട്ടികവർഗ്ഗ കുടുംബങ്ങൾ
5. സായുധ സെനങ്ങങ്ങളുടെ വിധവകൾ
6. ദാരിദ്ര്യ രേഖയ്ക്ക് കീഴിലുള്ള മറ്റു പട്ടികജാതി /പട്ടിക വർഗ്ഗ കുടുംബങ്ങൾ
7. വികലാംഗരും ബുദ്ധി മാന്ദ്യമുള്ളവരും

ഗുണഭോക്തൃ കുടുംബത്തിലെ സ്ത്രീ അംഗത്തിന്റെ പേരിലാണ് വീട് അനുവദിക്കുന്നത് .കുടുംബത്തിലെ ഭർത്താവിന്റെയും ഭാര്യയുടെയും കൂട്ടായ പേരിലും വീട് അനുവദിക്കാവുന്നതാണ്

വീടുകളുടെ തറ വിസ്തീർണ്ണം 20 ച .മീ മുകളിൽ ആയിരിക്കണം. വീടിനോടനുബന്ധിച്ചു പുകയില്ലാത്ത അടുപ്പും സാനിറ്ററി കക്കൂസും ഉണ്ടായിരിക്കണം.

എല്ലാ വിഭാഗങ്ങളിൽ പെട്ട ഗുണഭോക്താക്കൾക്കും 4 ലക്ഷം രൂപയാണ് അനുവദിക്കുന്നത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ,കേന്ദ്ര സംസ്ഥാന സർക്കാരുകളും ചേർന്നാണ് പദ്ധതിയുടെ നടത്തിപ്പും ധനസമാഹാരവും നടത്തുന്നത്

വീടിന്റെ നിർമ്മാണത്തിന്റെ പരിപൂർണ്ണ ഉത്തരവാദിത്തം ഗുണഭോക്താക്കളിൽ നിക്ഷിപ്തമാണ് .നിർമ്മാണത്തിനുള്ള സഹായധനം വീടിന്റെ നിർമ്മാണ പുരോഗതി അനുസരിച്ചു ഗഡുക്കളായി നൽകുന്നതാണ് .കേന്ദ്ര ഗവണ്മെന്റ് സൈറ്റിൽ ജിയോ ടാഗ് ചെയ്തിട്ടാണ് കേന്ദ്ര സഹായമായ 120000 /- രൂപ അനുവദിക്കുന്നത് .3 ഘട്ടങ്ങളായിട്ടാണ് ഈ തുക നൽകുന്നത് .അതോടൊപ്പം വീടിന്റെ പൂർത്തീകരണം കഴിഞ്ഞിരിക്കണം. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും 60:40 എന്ന അനുപാതത്തിലാണ് തുക നൽകുന്നത്. കേന്ദ്ര ഫണ്ട് 72000/- സംസ്ഥാന ഫണ്ട് 48000 /- തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതം 280000 /-

പി എം എ വൈ ആവാസ് പ്ലസ് ലിസ്റ്റ് മുഖേനയാണ് വീടുകളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുന്നത്. ആവാസ് പ്ലസ് സൈറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തിയ ഗുണഭോക്താക്കൾക്ക് മാത്രമേ ധനസഹായം നല്കാൻ കഴിയുകയുള്ളു . പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പരിധി യിൽ 273 ഗുണഭോക്താക്കളുടെ പേര് ആവാസ് പ്ലസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ദേശീയ സമ്പാദ്യ പദ്ധതി</u>

ധനിക ദാരിദ്ര്യ ഭേദമന്യേ ജനങ്ങളിൽ സമ്പാദ്യ ശീലം വളർത്തുന്നതിന് ഭാരത സർക്കാർ ആവിഷ്കരിച്ചിട്ടുള്ള മുഖ്യ പരിപാടികളിൽ ഒന്നാണ് ദേശിയ സമ്പാദ്യ പദ്ധതി (നാഷണൽ സേവിങ് സ്കീം) ഈ പദ്ധതിയുടെ നടത്തിപ്പിൽ വികസന ബ്ലോക്കുകൾക്ക് നിർണ്ണായകമായ പങ്കാണ് ഉള്ളത്. പോസ്റ്റോഫീസ് ആവർത്തന നിക്ഷേപത്തിലൂടെ ഗ്രാമീണ ജനതയെ വികസന പ്രക്രിയയിൽ പങ്കാളികളാക്കുന്നു

ഇതിനായി എം പി കെ ബി വൈ (മഹിളാ പ്രധാന ക്ഷേത്രീയ ബെച്ചത് യോജന)എജന്റുമാരായ അർപ്പണബോധമുള്ള ഒരു കൂട്ടം വനിതകൾ ബ്ലോക്ക് ഡെവല പ്മെന്റ് ഓഫീസറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു

എം പി കെ ബി വൈ എജന്റുമാരുടെ നിയമനം ,പ്രവർത്തന മേൽനോട്ടം എന്നീ കാര്യങ്ങളിൽ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ,ബ്ലോക്ക് ഡെവലപ്മെന്റ്ഓഫീസറെ സഹായിക്കുന്നു

കൂടാതെ കിസാൻ വികാസ് പത്രിക, ദേശിയ സമ്പാദ്യ പദ്ധതി എട്ടാം ഇഷ്യൂ ,പബ്ലിക് പ്രോവിഡന്റ് ഫണ്ട്, പെൻഷൻ നിക്ഷേപ പദ്ധതി, മാസ വരുമാന പദ്ധതി ,പോസ്റ്റോഫീസ് ടൈം ടെപോസിറ്റ്, നാഷണൽ സേവിങ്സ് സ്കീം 1992 എന്നിവയിൽ പണംനിക്ഷേപിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതിന് എസ് എ എസ് സ്റ്റാൻഡേർഡൈസ്ഡ് ഏജൻസി സിസ്റ്റം)എജന്റുമാരെയും ബ്ലോക്കിലൂടെ നിയമിച്ചു വരുന്നു . അഭ്യസ്ത വിദ്യരായ വനിതകൾക്ക് ഉപജീവന മാർഗ്ഗവും രാഷ്ട്ര വികസനത്തിന് സാമ്പത്തിക അടിത്തറയും നിക്ഷേപകർക്ക് സുരക്ഷിതത്വവും നൽകുന്ന എന്നതാണ് ദേശിയ സമ്പാദ്യ പദ്ധതിയുടെ പ്രത്യേകത .പുഴയ്ക്കൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസിനു കീഴിൽ പ്രവർത്തിക്കുന്ന 44 എം പി കെ ബി വൈ എജന്റുമാർ പ്രതിവർഷം 30 കോടിയോളം രൂപയുടെ നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾ നടത്തുകയും അതുവഴി ജനങ്ങളുടെ സമ്പാദ്യ ശീലം വർധിപ്പിക്കുന്നതിനും രാഷ്ട്ര വികസനത്തിനും മാതൃകാപരമായ പങ്കു വഹിക്കുന്നു

വിവിധ ദേശിയ സമ്പാദ്യ പദ്ധതികളുടെ നിലവിലുള്ള പലിശ നിരക്കുകൾ താഴെ നൽകുന്നു

ക്രമ നം	പദ്ധതിയുടെ പേര്	വാർഷിക പലിശ
1	പോസ്റ്റ് ഓഫീസ് സേവിങ്സ് അക്കൗണ്ട്	4.00
2	പോസ്റ്റ് ഓഫീസ് ആവർത്തന നിക്ഷേപം (കൂട്ട് പലിശ)	6.70
3	പോസ്റ്റ് ഓഫീസ് ടൈം ഡെപ്പോസിറ്റ് കൂട്ടു പലിശ 1 വർഷം	6.90
	2 വർഷം	7.00
	3 വർഷം	7.10
	5 വർഷം	7.50
4	ദേശീയ സമ്പാദ്യ സർട്ടിഫിക്കറ്റ്	7.70
5	കിസാൻ വികാസ് പത്ര (118 മാസം)	7.50
6	മാസ വരുമാന പദ്ധതി	7.40

7	സീനിയർ സിറ്റിസൺ സേവിങ്സ് സ്കീം	8.20
8	പബ്ലിക് പ്രൊവിഡൻസ് ഫണ്ട്	7.10
9	സുകന്യ	8.20

ജോബ് സ്റ്റേഷൻ പ്രവർത്തനം

വിജ്ഞാന കേരളം - വിജ്ഞാന തൃശൂരുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ബ്ളോക്ക് പഞ്ചായത്ത് തലത്തിലെ ജോബ് സ്റ്റേഷൻ പുഴയ്ക്കൽ ബ്ലോക്കിൽ 2025 ഫെബ്രുവരി 17 ന് ഉദ്ഘാടനം ചെയ്തു.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 5 ഗ്രാമ പഞ്ചായത്തുകളിൽ (അടാട്ട്, അവണൂർ, കോലഴി, കൈപ്പറമ്പ്, മുളങ്കുന്നത്തുകാവ്) 2025 മാർച്ച് 11 നും തോളൂർ ഗ്രാമ പഞ്ചായത്ത്ഫെസിലിറ്റേഷൻ സെൻറർ മാർച്ച് 20നും ഉദ്ഘാടനം ചെയ്യുകയും പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.

2025 ഏപ്രിൽ 26ലെ തൊഴിൽപൂരം-മെഗാ ജോബ് ഫെയറിനു മുന്നോടിയായി പഞ്ചായത്തുകളിൽ സംഘടിപ്പിച്ച ഗ്രൂമിംഗ് സെഷനുകളിൽ 96 ഉദ്യോഗാർത്ഥികൾ പങ്കെടുത്തു.ഏപ്രിൽ 26ലെ മെഗാ തൊഴിൽ മേളയിൽ 450 ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചിരുന്നു. അതിൽ 212 ഉദ്യോഗാർത്ഥികൾ തൊഴിൽ മേളയിൽ പങ്കെടുത്തു. 20 പേർക്ക് ജോലി ലഭിക്കുകയും 75 പേർ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുകയും ചെയ്തു

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിൽ ലോക്കൽ / ഹൈപ്പർലോക്കൽ ജോബ് ഫെയർ നടത്തുന്നതുമായി ബന്ധപ്പെട്ട് വ്യാപാര വ്യവസായ വാണിജ്യ വാണിജ്യേതര സ്ഥാപന ഉടമകളുടെ ഒരു യോഗം 12.08.2025 തീയതിയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ചു. പതിനൊന്നു സ്ഥാപനങ്ങളിൽ നിന്ന് ഉടമകൾ/ പ്രതിനിധികൾ പങ്കെടുത്തു. 67 തൊഴിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നു.

"ഓണത്തിന് ഒരു ലക്ഷം തൊഴിൽ " എന്ന ലക്ഷ്യത്തിന്റെ ഭാഗമായി പ്രാദേശിക തൊഴിൽ മേള ' ലക്ഷ്യ ' 21-08-2025 ന് മുതുവറ കെ ആർ നാരായണൻ മെമ്മോറിയൽ ഹാളിൽ വച്ച് സംഘടിപ്പിച്ചു. തൊഴിൽമേളയിൽ തൊഴിൽ ദാതാക്കളായി 20 കമ്പനികളുടെ പ്രതിനിധികൾ പങ്കെടുത്തു. 128 തൊഴിൽ അന്വേഷകർ ഇന്റർവ്യൂവിന് ഹാജരായി. 30 പേർക്ക് നിയമനം ലഭിച്ച ഈ തൊഴിൽ മേളയിൽ 88 പേരെ വിവിധ കമ്പനികൾ ഷോർട്ട്ലിസ്റ്റ് ചെയ്തിട്ടുണ്ട്. നിലവിൽ 8 പേരാണ് ജോലിക്ക് പ്രവേശിച്ചത്.

ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രാദേശിക തൊഴിൽമേളകൾ സംഘടിപ്പിച്ചു. 6 ഗ്രാമപഞ്ചായത്തുകളിലായി സംഘടിപ്പിച്ച തൊഴിൽ മേളകളിൽ 169 തൊഴിൽ അന്വേഷകർ പങ്കെടുത്തു.38 തൊഴിൽ ദാതാക്കൾ 1154 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നു. 5 സെലക്ട് ചെയ്യുകയും 174 പേർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തു. നിലവിൽ രണ്ടു പേരാണ് ജോലിക്ക് ഹാജരായത്.

06/10/2025 ന് വിജ്ഞാനകൗൺസിൽ രൂപീകരണവും ആദ്യ വിജ്ഞാന കൗൺസിൽ യോഗവും സംഘടിപ്പിച്ചു.DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത 8574 ഉദ്യോഗാർത്ഥികളെ

